**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5673** **13-08-2021 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയിലെ വെള്ളക്കര കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വെള്ളക്കരയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഏതൊക്കെ കണക്ഷനുകളാണ് വാട്ടർ അതോറിറ്റി ഇതുവരെ വിച്ഛേദിച്ചിട്ടുള്ളത്; വിച്ഛേദിച്ചിട്ടില്ലാത്ത മറ്റുകണക്ഷനുകളിൽ മേൽ നടപടി എടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വാട്ടർ ചാർജ് കുടിശ്ശിക വരുത്തിയിട്ടുള്ള 75937 കണക്ഷനുകൾ വിച്ഛേദിച്ചിട്ടുണ്ട്. കുടിശ്ശിക തുക അടയ്ക്കാത്ത എല്ലാ ഉപഭോക്താക്കളുടെയും കണക്ഷനുകൾ യഥാസമയം വിച്ഛേദിക്കുന്നതിനുള്ള മനുഷ്യ വിഭവ ശേഷി നിലവിൽ വാട്ടർ അതോറിറ്റിക്കില്ല എന്നിരുന്നാലും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഗാർഹികേതര വിഭാഗത്തിൽപ്പെട്ട കണക്ഷനുകൾ വിച്ഛേദിക്കുന്നതിന് മുൻഗണന നൽകി വരുന്നു. കുടിശ്ശിക തുക അടയ്ക്കണമെന്ന സന്ദേശം ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് വേണ്ടി ഓരോ പ്രദേശത്തും കുടിശ്ശിക വരുത്തിയ കണക്ഷനുകളിൽ മുൻഗണന ക്രമത്തിൽ വിച്ഛേദന നടപടികൾ നടത്താറുണ്ട്. ഒരു കണക്ഷനിൽ താൽക്കാലിക വിച്ഛേദനം നടത്തുമ്പോൾ പോലും ധാരാളം സമയവും മനുഷ്യ ശേഷിയും ചിലവഴിക്കേണ്ടതുണ്ട്. കോവിഡ് വ്യാപനം രൂക്ഷമായ സമയങ്ങളിൽ വിച്ഛേദനം നിർത്തി വയ്ക്കുകയുണ്ടായി. വിച്ഛേദിക്കുന്ന കണക്ഷനുകളിൽ കുടിശ്ശിക അടയ്ക്കുന്ന മുറയ്ക്ക് ഉടൻ റീകണക്ഷനുകളും നൽകി വരുന്നുണ്ട് |
| (ബി) | ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളും സർക്കാർ ഉദ്യോഗസ്ഥരും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമാണ് വെള്ളക്കരയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളത്; ഓരോരുത്തരും വരുത്തിയിട്ടുള്ള കുടിശ്ശിക തുക, കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | വിവിധ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക ഇനത്തിൽ 31/07/2021 വരെ 451.04 കോടി രൂപ അതോറിറ്റിക്ക് ലഭിക്കാനുണ്ട്. വിശദ വിവരം അനുബന്ധം-1അയി ചേർക്കുന്നു കെട്ടിടങ്ങളുടെ ഉടമസ്ഥർ നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് വാട്ടർ കണക്ഷനുകൾ നൽകി വരുന്നത്. അതിൽ കെട്ടിടത്തിന്റെ മേൽവിലാസവും ഫോൺ നമ്പറും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉപഭോക്താ ക്കളുടെ ജോലി സംബന്ധമായ വിവരങ്ങളൊന്നും തന്നെ ലെഡ്ജറിലോ ഇ-അബാക്കസ് സോഫ്റ്റ് വെയറിലോ രേഖപ്പെടുത്താറില്ല. ആയതിനാൽ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കാലയളവിലെ വാട്ടർ അതോറിറ്റിയുടെ ആകെ കടവും വാർഷിക നഷ്ടവും എത്രയാണെന്ന് അറിയിക്കുമോ; | (സി) | വിശദ വിവരം അനുബന്ധം-2ആയി ചേർക്കുന്നു. |
| (ഡി) | കുടിശ്ശിക തുക മുഴുവൻ ഉടനടി പിരിച്ചെടുത്താൽ നിർദ്ദിഷ്ട വെള്ളക്കര വർദ്ധനവ് കൂടാതെ അതോറിറ്റിക്ക് ലാഭകരമായി പ്രവർത്തിക്കാനാകുമെന്ന് കരുതുന്നുണ്ടോ? | (ഡി) | 1000 ലിറ്റർ ജലത്തിന്റെ ശരാശരി ഉൽപാദന ചെലവ് 23.89 രൂപയും അതിൽ നിന്ന് ലഭിക്കുന്ന വരുമാനം 10.48 രൂപയുമാണ്. അതായത് 1000 ലിറ്റർ വെള്ളം ശുദ്ധീകരിച്ച് വിതരണം നടത്തുമ്പോൾ അതോറിറ്റിക്ക് 13.41 രൂപയുടെ നഷ്ടമാണ് ഉണ്ടാകുന്നത്. നിരക്ക് വർദ്ധനവ് നടപ്പിലാക്കാതെ കേരള വാട്ടർ അതോറിറ്റിക്ക് നഷ്ടം കുറയ്ക്കുവാൻ സാധ്യമല്ല. കുടിശ്ശികയായുള്ള തുക പിരിച്ചെടുക്കുന്നത് വഴി അതോറിറ്റി നിലവിൽ കൊടുത്ത് തീർക്കുവാനുള്ള കടവും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും ഒരു പരിധി വരെ കൊടുത്ത് തീർക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

അനുബന്ധം- 2

**2016-17 സാമ്പത്തിക വർഷം മുതൽ 2020-21 വരെയുള്ള വാട്ടർ അതോറിറ്റിയുടെ ആകെ കടവും വാർഷിക നഷ്ടവും**

| സാമ്പത്തിക വർഷം | ആകെ കടം (രൂപ കോടിയിൽ) | വാർഷിക നഷ്ടം (രൂപ കോടിയിൽ) |
|---|---|---|
| 2016-17 | 7535.03 | 371.22 |
| 2017-18 | 8316.64 | 491.97 |
| 2018-19 | 8508.16 | |
| 2019-20 | 9799.75 | 516.96 |
| 2020-21 | 10755.13 | 422.82 |

വാട്ടർ അതോറിറ്റി കൊടുത്ത് തീർക്കാനുള്ള തുകയാണ് കടമായി കാണിച്ചിരിക്കുന്നത്. വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്ക് ലഭിച്ച തുക കൂടി കടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ 2020 -21 ലെ പ്രൊവിഷണൽ അക്കൗണ്ട്സും കണക്കിലെടുത്താണ് വിവരങ്ങൾ നൽകിയിരിക്കുന്നത്. 2018 - 19 സാമ്പത്തിക വർഷം 30/09/2018 വരെ കെ.എസ്.ഇ.ബി.ക്ക് നൽകാനുള്ള 1326.69 കോടി രൂപ സർക്കാർ ഏറ്റെടുത്തതിനാൽ ആ വർഷം 625.91 കോടി രൂപ ലാഭത്തിലായി. എന്നാൽ 2018-19 ലെ സഞ്ചിത നഷ്ടം 2976.02 കോടി രൂപയാണ്.

**സെക്ഷൻ ഓഫീസർ**

| | അനുബന്ധം-1 | |
|---|---|---|
| 31/07/2021 വരെ കേരള വാട്ടർ അതോറിറ്റിക്ക് സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കാനുള്ള കുടിശ്ശിക | | |
| **Sl No.** | **Name of Department** | **Arrear Amount (Rs. in Crore)** |
| 1 | Health | 185.37 |
| 2 | Education | 70.13 |
| 3 | PWD | 43.19 |
| 4 | Police | 35.93 |
| 5 | Tourism | 33.94 |
| 6 | Niyamasabha | 14.58 |
| 7 | Forest | 11.01 |
| 8 | Revenue | 8.70 |
| 9 | Municipality | 8.16 |
| 10 | Jail | 7.80 |
| 11 | Corporation | 5.91 |
| 12 | Panchayath | 5.46 |
| 13 | Sports | 4.96 |
| 14 | Irrigation | 2.65 |
| 15 | Co operative | 2.47 |
| 16 | LSGD | 1.60 |
| 17 | Judiciary | 1.46 |
| 18 | Survey | 1.32 |
| 19 | Secretariate | 1.13 |
| 20 | Anganawadi | 1.12 |
| 21 | General Administration | 0.74 |
| 22 | Industries | 0.68 |
| 23 | Civil supply | 0.47 |
| 24 | SC/ST | 0.41 |
| 25 | Social welfare | 0.32 |
| 26 | Excise | 0.28 |
| 27 | Stamp | 0.22 |
| 28 | Port | 0.18 |
| 29 | Ayurveda -Ayush | 0.15 |
| 30 | Fire & Rescue | 0.14 |
| 31 | Veterinary | 0.13 |
| 32 | Harbour | 0.11 |
| 33 | Agriculture | 0.07 |

| | | |
|---|---|---|
| 34 | Rajbhavan | 0.07 |
| 35 | Government Press | 0.05 |
| 36 | Treasury | 0.03 |
| 37 | Labour | 0.02 |
| 38 | Land Management | 0.02 |
| 39 | Water Transport | 0.01 |
| 40 | Registration | 0.01 |
| | **Total** | **451.04** |

സെക്ഷൻ ഓഫീസർ